ഉത്തരം

ദേവസ്വം ബോർഡുകൾ സ്വയംഭരണ സ്ഥാപനങ്ങൾ ആണ്. അവയുടെ വരുമാനത്തിൽനിന്ന് ഒരു തുകയും സർക്കാർ ഖജനാവിലേക്ക് ഈടാക്കുന്നില്ല. മലബാർ പ്രദേശത്തെ ക്ഷേത്രങ്ങളുടെ ഭരണ നിയന്ത്രണം നിർവഹിക്കുന്ന ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പ് ക്ഷേത്രങ്ങളുടെ വരുമാനത്തിൽ നിന്നും നിയമാനുസൃതമായ സംഖ്യ സൂപ്പർവിഷൻ ചാർജായി ഈടാക്കുന്നുണ്ട്. ഈ ഇനത്തിൽ 2003-2004 വർഷത്തിൽ 63,84,353 രൂപയും ആഡിറ്റ് ഫീ ഇനത്തിൽ 3,33,325 രൂപയും പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

കാർഷികോൽപ്പന്നങ്ങൾക്ക് താങ്ങുവിലയ്ക്ക് പകരം ആദായവില

55 [3399] ശ്രീ. എൻ. ഡി. അപ്പച്ചൻ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. പ്രതാപവർമ്മ തമ്പാൻ:
,, എ. കെ. മണി:
,, ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപ്പന്നങ്ങൾക്ക് താങ്ങുവില നിർണ്ണയിക്കുന്നതാണോ അവയ്ക്ക് ആദായവില നൽകുന്നതാണോ കാർഷിക താല്പര്യം സംരക്ഷിക്കുന്നതിനു ഉചിതമായിട്ടുള്ളത്;

(ബി) കാർഷികോൽപ്പന്നങ്ങൾക്ക് ആദായവില നൽകുന്നതാണ് കാർഷിക താല്പര്യം സംരക്ഷിക്കുവാൻ സഹായകമാകുന്നതെങ്കിൽ അക്കാര്യം നടപ്പാക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ) കാർഷികോൽപ്പന്നങ്ങൾക്ക് അവയുടെ ഉൽപ്പാദനച്ചെലവുമായി ബന്ധപ്പെടുത്തിയാണ് കേന്ദ്രകാർഷിക വിലനിർണ്ണയ കമ്മീഷന്റെ ശുപാർശകൾ അനുസരിച്ച് കേന്ദ്രസർക്കാർ താങ്ങുവില പ്രഖ്യാപിക്കുന്നത്. കർഷകരെ സംബന്ധിച്ചിടത്തോളം ആദായവില നൽകി കാർഷിക താല്പര്യം സംരക്ഷിക്കുന്നത് അവർക്ക് പ്രയോജനപ്രദമാണ്. കേന്ദ്രസർക്കാർ ഇപ്പോൾ നടപ്പാക്കി വരുന്ന താങ്ങുവില പദ്ധതി യഥാവിധി നടപ്പാക്കുന്നത് വിലയിടിവ് സംഭവിക്കുന്ന അവസരത്തിൽ കർഷകർക്ക് ഭീമമായ നഷ്ടം നേരിടാതിരിക്കാൻ വേണ്ടി മാത്രമാണ്.

(ബി) സംസ്ഥാനത്തെ കാർഷികോൽപ്പന്നങ്ങൾക്കും സ്ഥിരമായ ആദായവില നൽകി കാർഷിക താല്പര്യം സംരക്ഷിക്കുന്ന പരിപാടി കർഷകർക്ക് ഗുണകരമാണെങ്കിലും അതിന്റെ അടിസ്ഥാനത്തിൽ സർക്കാരിനു ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതകൾകൂടി പരിശോധിക്കേണ്ടിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly